(സി) ഈ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം കരാർ ലംഘനത്തിൽ പ്പെടുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജലകരാറനുസരിച്ച് തമിഴ്നാടിന് തമിഴ്നാട്, ഷോളയാർ, സർക്കാർപതി, അപ്പർ ആളിയാർ എന്നിവിടങ്ങളിലാണ് ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാൻ അനുമതിയുള്ളത്.

(ബി) ഇവ കൂടാതെ കാടമ്പാറയിലും അലിയാർ തിരുമൂർത്തി ഡാമുകളുടെ താഴ്ഭാഗത്തും മിനി-ജലവൈദ്യുത പദ്ധതികൾ തമിഴ്നാട് നിർമ്മിച്ചിട്ടുണ്ട്.

(സി) ഈ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തെപ്പറ്റി കരാറിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇവയൊക്കെ കരാർ ലംഘനങ്ങളായി കേരളം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പുതുക്കുവാൻ നടപടി

64 [782] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, എം. മുരളി:
,, ഡി. സുഗതൻ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പുതുക്കുന്നത് സംബന്ധിച്ച് തമിഴ്നാട് എന്തെല്ലാം അഭിപ്രായങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്;

(ബി) അതേപ്പറ്റി അന്തർ സംസ്ഥാന നദീജലപ്രശ്നത്തിൽ അവഗാഹമുള്ള നിയമജ്ഞരും പറമ്പിക്കുളം-ആളിയാർ ജലം ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുന്ന പാലക്കാട്ടെ കർഷകരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അക്കാര്യത്തിൽ അവരുടെ അഭിപ്രായമെന്തായിരുന്നു;

(ഡി) സംസ്ഥാനത്ത് പൊതുവായ ചർച്ച നടത്തി ഓരോ കാര്യത്തിലും അഭിപ്രായ രൂപീകരണം നടത്തിയശേഷം മാത്രം കരാർ പുതുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കുന്നതിന് വ്യവസ്ഥയില്ല. മുപ്പതു വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യുന്നതിനാണ് കരാറിൽ വ്യവസ്ഥയുള്ളത്. കരാർ വ്യവസ്ഥയനുസരിച്ച് ആനമലയാറിൽ നിന്നുള്ള 2.5 ടി.എം.സി. ജലവും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ നീരാർ വിയറിൽനിന്നും കേരളത്തിന് തിരിച്ചുവിടുന്ന ജലവും തമിഴ്നാടിന് നൽകണമെന്ന അഭിപ്രയങ്ങളാണ് പുനരവലോകനം സംബന്ധിച്ച് പ്രധാനമായി തമിഴ്നാട് മുന്നോട്ടുവച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷക പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. നിയമജ്ഞരുടെയും വിദഗ്ദ്ധൻമാരുടെയും ഉപദേശങ്ങൾ ഗവൺമെന്റിന് ലഭ്യമാണ്.

(സി) ഉഭയകക്ഷി ചർച്ചകളിലൂടെ കരാറിൽ വേണ്ട മാറ്റങ്ങൾ വരുത്തണമെന്നുള്ളതാണ് പൊതുവെ ലഭിച്ചിട്ടുള്ള അഭിപ്രായം.

(ഡി) കരാർ പുതുക്കുവാൻ കരാറിൽ വ്യവസ്ഥയില്ല. കരാറിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് ഉഭയകക്ഷി സമ്മതപ്രകാരം കരാർ പുനരവലോകനം നടത്തുന്നതിനും മാറ്റങ്ങൾ വരുത്തുന്നതിനും മാത്രമേ കരാർ പ്രകാരം- സാധിക്കുകയുള്ളൂ.

പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ

65 [783] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, വി. ബാലറാം:
,, പി. ജെ. ജോയി:
,, സി. പി. മുഹമ്മദ്:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ അന്തർ സംസ്ഥാന നദീജല കരാർ പുതുക്കുന്നത് സംബന്ധിച്ച് എന്തെല്ലാം സംഗതികളിൽ ധാരണയായി;

(ബി) എന്തെല്ലാം കാര്യങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിച്ചു;

(സി) യോജിക്കുവാൻ ധാരണയായ സംഗതികൾ സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നത് സംബന്ധിച്ച് വിശദവിവരം നൽകുമോ;

(ഡി) ഇത് സംബന്ധിച്ച് രാഷ്ട്രീയ കക്ഷികളും ബഹുജന കർഷക നേതാക്കളുമായി ചർച്ച നടത്തുമോ;

(ഇ) വിയോജിപ്പുള്ള സംഗതികൾ സംബന്ധിച്ചുള്ള അനന്തര നടപടിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ നദീജലക്കരാർ പുതുക്കാൻ വ്യവസ്ഥയില്ല. 30 വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പുനരവലോകന ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. മാർച്ച് മാസത്തിൽ നടത്തുവാനുദ്ദേശിച്ചിട്ടുള്ള മുഖ്യമന്ത്രി തലത്തിലുള്ള ചർച്ചകൾക്കുശേഷമേ കരാർ പുനരവലോകനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാകുകയുള്ളൂ.

(ബി) മുഖ്യമന്ത്രി തലത്തിലുള്ള അവസാനഘട്ട ചർച്ചകൾക്കുശേഷമേ വിശദാംശങ്ങൾ വ്യക്തമാകുകയുള്ളൂ.

(സി) ബാധകമല്ല.

(ഡി) ആവശ്യമെന്നുകണ്ടാൽ ചർച്ച നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly